*ഒരു സാധാരണക്കാരന് പനി വന്നാൽ ഉടനൊരു പാരസെറ്റമോൾ കഴിയ്ക്കുകയാണെങ്കിൽ പനി പെട്ടെന്ന് മാറും. പിറ്റേന്ന് അയാൾക്ക് ജോലിക്കും പോകാം. ആയുർവേദത്തിൽ ഇത് നടക്കില്ലല്ലോ. എന്തു പറയുന്നു?" ഒരു ആയുർവേദ കോളേജിലെ വിദ്യാർത്ഥികളുമായി നടത്തിയ മുഖാമുഖത്തിനിടയ്ക്ക് അക്കൂട്ടത്തിലൊരാൾ ചോദിച്ച ചോദ്യമാണിത്.*



**മേമ്പൊടി**

# ആയുർവേദവും 'പെട്ടെന്ന്' രോഗം മാറലും

*ഡോ. എം. പ്രസാദ്*



"ആയുർവേദം കൊണ്ട് ചികിത്സിച്ചാൽ രോഗം പെട്ടെന്നു മാറുകയില്ലല്ലോ. ഒരു സാധാരണക്കാരന് പനി വന്നാൽ ഉടനൊരു പാരസെറ്റമോൾ കഴിയ്ക്കുകയാണെങ്കിൽ പനി പെട്ടെന്ന് മാറും. പിറ്റേന്ന് അയാൾക്ക് ജോലിക്കും പോകാം. ആയുർവേദത്തിൽ ഇത് നടക്കില്ലല്ലോ. എന്തു പറയുന്നു?" ഒരു ആയുർവേദ കോളേജിലെ വിദ്യാർത്ഥികളുമായി നടത്തിയ മുഖാമുഖത്തിനിടയ്ക്ക് അക്കൂട്ടത്തിലൊരാൾ ചോദിച്ച ചോദ്യമാണിത്. ഇതൊരു ഒറ്റപ്പെട്ട ചോദ്യമോ സന്ദർഭമോ അല്ല. ഈ തോന്നൽ വളരെ വ്യാപകമായി കാണുന്നുണ്ട്. അതിനാൽ ആ വിഷയം ചർച്ച ചെയ്യാം.

ആയുർവേദത്തിൽ രോഗം പെട്ടെന്നു മാറുകയില്ല എന്നത് തെറ്റായ ഒരു പ്രസ്താവനയാണ്. രോഗം ഉണ്ടായ ഉടൻ ശരിയായ ചികിത്സ നൽകിയാൽ രോഗം പെട്ടെന്നുതന്നെ മാറും. പക്ഷേ ഈ വാക്യത്തിലെ രണ്ട് ഉപാധികൾ പ്രധാനങ്ങളാണ്. ഒന്നാമത്, രോഗം ഉണ്ടായ ഉടൻ എന്നത്. ഏതു രോഗവും പഴകുംതോറും അതിന്റെ സ്വഭാവം, സാധ്യാസാധ്യത എന്നിവയിൽ മാറ്റം വരും. ഇത്തരത്തിൽ മൂർച്ഛിച്ചതോ അസാധ്യമായതോ ആയ ഒരു രോഗം ആയുർവേദത്തിലെന്നല്ല ഒരു സമ്പ്രദായത്തിലും പെട്ടെന്ന് ചികിത്സിച്ചു മാറ്റാനാവുകയില്ല. എന്നാൽ ചോദ്യത്തിലെ ആശയം സമൂഹത്തിൽ വ്യാപകമായിത്തീർന്നിട്ടുള്ളതു കൊണ്ടാവാം രോഗം ഉണ്ടായ ഉടൻ ആയുർവേദ ചികിത്സയ്ക്കെത്തുന്ന ശീലം നാട്ടിൽ തീരെ കുറഞ്ഞുപോയിട്ടുണ്ട്. ഇത് മാറ്റിയെടുക്കാൻ കഠിനമായ പരിശ്രമം വേണ്ടിവരും. രണ്ടാമതായി, ശരിയായ ചികിത്സ എന്നതാണ് ശ്രദ്ധിക്കേണ്ടത്. എന്താണ് ശരിയായ ചികിത്സ? ഇത് വിശദമാക്കണമെങ്കിൽ കുറച്ച് ശാസ്ത്രം പറയേണ്ടതായി വരും. ചികിത്സയെ മൂന്നുതരമായി വിഭജിച്ചിട്ടുണ്ടല്ലോ. ഹേതുവിപരീതം, വ്യാധിവിപരീതം, തദർത്ഥകാരി എന്നിങ്ങനെ. ഇവയിൽ നിന്നാണ് നേരത്തെ പറഞ്ഞ ശരിയായ ചികിത്സ തിരഞ്ഞെടുക്കേണ്ടത്. ഹേതുവിപരീത ചികിത്സയാണ് ആദ്യം പരിഗണിക്കേണ്ടത്. ദോഷവൈഷമ്യത്തിനുള്ള കാരണങ്ങളെയാണ് ഇവിടെ ഹേതു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആ കാരണങ്ങൾ കാലാർത്ഥകർമ്മങ്ങളുടെ ഹീനമിഥ്യാതിയോഗങ്ങളാണ്. ആ കാരണങ്ങളെ കണ്ടെത്തി അവയ്ക്ക് വിപരീതമായ ചികിത്സ ചെയ്യുക എന്നതാണ് ഹേതുവിപരീത ചികിത്സയുടെ തത്വം. ഇവിടെ ശാരീരികവും മാനസികവുമായ ഘടകങ്ങളെ പ്രത്യേകിച്ചും പരിഗണിക്കണം.

'തത്ര ഹേതുവിപരീതം ഗുരുസ്നിഗ്ദ്ധശീതാദിജേ വ്യാധൗ
ലഘുരൂക്ഷോഷ്ണാദി, തഥേതരസ്മിന്നിതരൽ'

എന്ന് സംഗ്രഹകാരൻ ഈ വിഷയം വിശദമാക്കുന്നു. ഇതിന്റെ പ്രായോഗികതയെ സംബന്ധിച്ച് ഇതിലും മനോഹരമായ ഒരു വിവരണമുണ്ട്. 'ഭേഷജാവചരണീയം' എന്ന അധ്യായത്തിൽ. അതിങ്ങനെയാണ്:

പ്രാഗ്ഗ്രഹണേന കേന വാ നിദാനവിശേഷേണ അസ്യ കുപിതോ ദോഷഃ
ദോഷസ്യ ഹ്യേകസ്യാപി ബഹവഃ പ്രകോപേ ഹേതവഃ.
തസ്മാദ്യഥാസ്വലക്ഷണൈഃ കർമ്മഭിശ്ച ബുദ്ധ്വാ ഭിഷക് ദോഷമേവമവഗമയേൽ.
തദ്യഥാ, കിമാഹാരേണ കുപിതോ വായു കിം വിഹാരേണ?
തഥാ രൂക്ഷേണ ലഘുനാ ശിശിരേണ വാ, സാഹസേന
വേഗരോധേന വാ, ഭയേന ശോകേന വേതി
തതശ്ച തത്പ്രതിപക്ഷമൗഷധം പ്രയുജ്യമാനം ആശു
സിദ്ധയേ സമ്പദ്യതേ'

മുമ്പ് പറയപ്പെട്ടവയിൽ ഏതൊരു നിദാനവിശേഷത്താലാണ് രോഗിയായവന്റെ ദോഷം കോപിച്ചിട്ടുള്ളത്. ഒരേ ദോഷത്തിന്റെ തന്നെ പ്രകോപത്തിന് പല കാരണങ്ങൾ ഉണ്ടാകാമല്ലോ. അതുകൊണ്ട് അതാതിന്റെ ലക്ഷണങ്ങളെ കൊണ്ടും വികൃത കർമ്മങ്ങളെക്കൊണ്ടും വൈദ്യൻ ദോഷത്തെ ഇവ്വിധം യുക്തിസഹമായി അന്വേഷിച്ചെടുക്കണം. എങ്ങനെയെന്നാൽ വായു ആഹാരം കാരണമായിട്ടാണോ വിഹാരം കാരണമായിട്ടാണോ കോപിച്ചത് എന്നന്വേഷിക്കണം. അതുപോലെ രൂക്ഷത കൊണ്ടോ ലഘുത്വം കൊണ്ടോ ശൈത്യം കൊണ്ടോ അതോ സാഹസത്താലോ വേഗരോധത്താലോ ആണോ എന്നറിയണം. അതിനനന്തരമായിട്ട്, കാരണവിപരീതമായി ചെയ്യുന്ന ഔഷധപ്രയോഗം പെട്ടെന്നുതന്നെ രോഗശമനം എന്ന ലക്ഷ്യം കണ്ടെത്തുന്നു.

ഇതാണ് ഹേതുവിപരീതചികിത്സയുടെ ഏറ്റവും മികച്ച വർണ്ണനം എന്നു പറയാം. രോഗാരംഭത്തിൽ തന്നെ ചികിത്സിക്കുമ്പോൾ ഹേതുവിപരീത ചികിത്സയാണ് ഏറ്റവും ശരിയായ ചികിത്സ. അതു ചെയ്താൽ രോഗം ആശു-പെട്ടെന്ന്-ശമിക്കുന്നു എന്നാണിവിടെ രേഖപ്പെടുത്തി വെച്ചിരിക്കുന്നത്. ഇതു ചെയ്യാതെ വ്യാധിവിപരീതമോ തദർത്ഥകാരിയോ ആയ ചികിത്സകൾക്ക് മുതിരുന്നത് ഈ കൃത്യത നഷ്ടപ്പെടാൻ ഇടയാക്കുന്നു. അത്തരം ചികിത്സ



***മൂർച്ഛിച്ചതോ അസാധ്യമായതോ ആയ ഒരു രോഗം ആയുർവേദത്തിലെന്നല്ല ഒരു സമ്പ്രദായത്തിലും പെട്ടെന്ന് ചികിത്സിച്ചു മാറ്റാനാവുകയില്ല. എന്താണ് ശരിയായ ചികിത്സ? ഇത് വിശദമാക്കണമെങ്കിൽ കുറച്ച് ശാസ്ത്രം പറയേണ്ടതായി വരും. ചികിത്സയെ മൂന്നുതരമായി വിഭജിച്ചിട്ടുണ്ടല്ലോ. ഹേതുവിപരീതം, വ്യാധിവിപരീതം, തദർത്ഥകാരി എന്നിങ്ങനെ. ഇവയിൽ നിന്നാണ് നേരത്തെ പറഞ്ഞ ശരിയായ ചികിത്സ തിരഞ്ഞെടുക്കേണ്ടത്.***

കൾ രോഗം തുടർന്നു നിൽക്കുന്ന സന്ദർഭങ്ങളിൽ ആവശ്യാനുസരണം പ്രയോഗിക്കാനായി നിജപ്പെടുത്തിയിട്ടുള്ളവയാണ്. 'മാത്രാശിതീയ'ത്തിലെ 'ഏവമന്യാനപി വ്യാധീൻ സ്വനിദാനവിപര്യയാൽ ചികിത്സേദനുബന്ധേ തു സതി ഹേതുവിപര്യയം ത്യക്ത്വാ യഥായഥം വൈദ്യോയുഞ്ജ്യാത് വ്യാധിവിപര്യയം തദർത്ഥകാരി വാ' എന്ന ശാസ്ത്രഭാഗം ഇക്കാര്യം ഊന്നലോടെ പ്രകാശിപ്പിക്കുന്നതാണ്. അപ്പോൾ ആയുർവേദ ചികിത്സ പെട്ടെന്ന് രോഗം ശമിപ്പിക്കുന്നില്ല എന്ന ധാരണ സമൂഹത്തിൽ പരന്നിട്ടുണ്ടെങ്കിൽ ഇത്തരം കാര്യങ്ങളിൽ വൈദ്യലോകം പുലർത്തുന്ന/പുലർത്തിയ അനവധാനതയാണോ അതിനു കാരണം എന്നത് അന്വേഷിക്കേണ്ടതാണ്. രോഗനിർണ്ണയവുമായി ബന്ധപ്പെട്ട പരമാവധി കൃത്യത ഉറപ്പ് വരുത്തുക എന്നതാണ് ഇവിടെ ഏറ്റവും പ്രധാനമായിട്ടുള്ളത്. അത് ആയുർവേദത്തിന്റെ രീതിയനുസരിച്ച് ചെയ്യുകയും വേണം.

മറ്റൊരു കാര്യം കൂടെ ഇവിടെ അനുബന്ധമായി പറയേണ്ടതുണ്ടെന്ന് തോന്നുന്നു. ഈ കുറിപ്പിന്റെ തുടക്കത്തിലുള്ള ചോദ്യത്തിൽ താരതമ്യത്തിനായി ഒരു രോഗാവസ്ഥ സൂചിപ്പിച്ചുവല്ലോ. പനി വന്ന് പാരസെറ്റമോൾ കഴിച്ച് പിറ്റേന്നു തന്നെ ജോലിയ്ക്കു പോകാൻ കഴിയുക എന്നതാണത്. ഇവിടെ ശ്രദ്ധിക്കേണ്ട ചിലതുണ്ടെന്നു തോന്നുന്നു. ഒന്നാമതായി ആ തരത്തിലാണോ പനി ചികിത്സിക്കേണ്ടത് എന്നതാണ്. അല്ല എന്നാണുത്തരം. പനിയുടെ സമയത്ത് വേണ്ടത്ര വിശ്രമം കിട്ടാത്തതാണ് പലപ്പോഴും കുഴപ്പം പിടിച്ച രോഗാവസ്ഥകൾ വന്നു ചേരാൻ കാരണം. രണ്ടാമതായി അത്തരത്തിൽ മരുന്ന് കഴിച്ച്, ഒരു ദിവസം പോലും വിശ്രമിക്കാനാവാത്തവിധത്തിൽ, ജോലി ചെയ്യിക്കുന്ന ഒരു സാമൂഹികക്രമം, അതുപോലെ അതിലേക്കു നയിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥ, എത്ര കണ്ട് നിലനിൽക്കാൻ യോഗ്യമാണ് എന്നതും അതിനായി ആയുർവേദത്തിന്റെ മൗലികത ബലി കഴിക്കേണ്ടതുണ്ടോ എന്നതും പ്രസക്തങ്ങളായ ചോദ്യങ്ങളാണ്. ആയുർവേദം സങ്കൽപിക്കുന്നത് ചികിത്സ ആവുന്നതും ശുദ്ധമാകണം എന്നു തന്നെയാണല്ലോ.